"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും ദിവസ വേതനം എഴുതി നൽകിയ സംഭവം - കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.101/2023/F&WLD തീയതി,തിരുവനന്തപുരം, 09-03-2023

---

പരാമർശം:-

1. 02.09.2021-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻ സ് & ഫോറസ്റ്റ് ഇന്റലിജൻസ്) ന്റെ KFDHQ/7358/2019-VIG/VE2 നമ്പർ കത്ത്.
2. 25.01.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/4602/2021-ADMIN/B2 നമ്പർ കത്ത്.

**ഉത്തരവ്**

തെന്മല ഫോറസ്റ്റ് ഡിവിഷനിൽ ആര്യങ്കാവ് റെയിഞ്ചിൽ ബിനാമി വാച്ചർമാരുടെ പേരിലും വർക്കുകൾ ടെണ്ടർ എടുത്തയാളിന്റെ പേരിലും ശമ്പളം എഴുതി നൽകുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പരാമർ ശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ സ്റ്റേഷൻ പരിധിയിൽപ്പെട്ട തേക്കിൻ തോട്ടത്തിന്റെ സംരക്ഷണത്തിനായി 2 വാച്ചർമാരെ നിയോഗിക്കുവാൻ 3,66,000/- രൂപയ്ക്ക് CCE/295/Orgl/2018-19 എന്ന എസ്റ്റിമേറ്റ് നമ്പരിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം അനുമതി നല്കുകയുണ്ടായെന്നും പ്രസ്തുത അടങ്കൽ പ്രകാരം ശ്രീ.എബ്രഹാം.റ്റി, കോവിലത്ത്, ആര്യങ്കാവ്, ശ്രീ.വിനീഷ് കൃഷ്ണൻ, ഓമനവിലാസം, ആര്യങ്കാവ്, ശ്രീ.എം.രവി, പുളുവൽ പുത്തൻവീട്, ഇടപ്പാളയം എന്നീ മൂന്ന് വാച്ചർ മാരെ 04/2018 മുതൽ 03/2019 വരെ ടി തോട്ടത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച് ശമ്പളം എഴുതി നൽകിയിരിക്കുന്നതായി കാണുന്നുവെന്നും ടി എൻ.എം.ആർ-കൾ പരിശോധിച്ചതിലും അന്വേഷണത്തിലും, ശ്രീ.പ്രഭാകരൻ, പുളുവൽ പുത്തൻവീട്, ഇടപ്പാളയം, ആര്യങ്കാവ് എന്നയാളിനെയാണ് യഥാർത്ഥത്തിൽ ടി തേക്ക് തോട്ടത്തിൽ നിയോഗിച്ചിരുന്നതെന്നും ശ്രീ

പ്രഭാകരന് വേണ്ടി ശ്രീ.വിനീഷ് കൃഷ്ണന്റെ പേരിൽ എഴുതി സമർപ്പിച്ച NMR പ്രകാരം 04/2018 മുതൽ 03/2019 വരെ ആകെ 89,460/-രൂപ ശ്രീ വിനീഷ് കൃഷ്ണന്റെ അക്കൗണ്ടിൽ വന്നിട്ടുള്ളതായി ടിയാന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയിട്ടുണ്ടെന്നും ശ്രീ.പ്രഭാകരന് സ്വന്തമായി ബാങ്ക് അക്കൗണ്ടില്ല എന്ന കാരണത്താലാണ് ശ്രീ.പ്രഭാകരന്റെ ശമ്പളം ശ്രീ.വിനീഷ് കൃഷ്ണന്റെ പേരിൽ എഴുതി നൽകേണ്ടി വന്നതെന്നും, ശ്രീ.വിനീഷ് കൃഷ്ണന്റെ പേരിൽ 04/2018 മുതൽ 03/2019 വരെയുള്ള NMR കളിൽ ഹാജർ രേഖപ്പെടുത്തിയിരിക്കുന്നത് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എ.മുനീർ, ശ്രീ.എൻ.കെ.അനൂപ്, ശ്രീ.എം.ലാലുജാൻ, ശ്രീ.എസ്.ആർ.റോബർട്ട്, ശ്രീ.എ.സുനിൽ ജോർജ്ജ്, ശ്രീ.ആൻസൻ, ശ്രീ.സുജേഷ് കുമാർ.എസ്, ശ്രീ.അഖിൽദേവ് എന്നീ ജീവനക്കാരും, സർട്ടിഫൈ ചെയ്തിരിക്കുന്നത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എം.കെ. പ്രസാദ്കുമാർ & ശ്രീ.എം.സതീഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസൺ എന്നീ ജീവനക്കാരും ആകുന്നുവെന്നും, കൂടാതെ ഈ NMR കൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എൻ.വി.സതീശൻ, ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ എന്നിവർ അനുമതിയ്ക്കായി ഡിവിഷൻ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതായും കാണുന്നു.

2. അവശ്യം വേണ്ട രേഖകൾ തരപ്പെടുത്തി ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ സങ്കീർണ്ണമായ തടസ്സങ്ങളൊന്നും നിലവിലില്ല എന്നിരിക്കെ ശ്രീ.പ്രഭാകരന്റെ ശമ്പളം ജോലി നോക്കാത്ത മറ്റൊരാളിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയത് കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണ്ടെത്തിയിട്ടുണ്ടെന്നും, കൂടാതെ ടി മാസങ്ങളിലെ NMR പരിശോധിച്ചതിൽ വാച്ചർമാർക്ക് ഓരോ ദിവസവും ഹാജർ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്/ഇൻഷ്യൽ രേഖപ്പെടുത്തി കാണുന്നില്ലെന്നും, മാത്രമല്ല ടി NMR കളിൽ പലതിലും sanction order number, budget head, പ്രവർത്തിയുടെ പേര് എന്നിവയും രേഖപ്പെടുത്തി കാണുന്നില്ലെന്നും ഇപ്രകാരം ലാഘവത്തോടെ NMR തയ്യാറാക്കിയതിന് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എ.മുനീർ, ശ്രീ.എൻ.കെ.അനൂപ്, ശ്രീ.എം.ലാലുജാൻ, ശ്രീ.എസ്.ആർ.റോബർട്ട്, ശ്രീ.സുനിൽ ജോർജ്ജ്, ശ്രീ.എ.ആൻസൻ, ശ്രീ.സുജേഷ് കുമാർ, ശ്രീ.അഖിൽ ദേവ് എന്നീ ജീവനക്കാരും ടി NMR കൾ സർട്ടിഫൈ ചെയ്ത കുറ്റത്തിന് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എം.കെ.പ്രസാദ് കുമാർ, ശ്രീ.എം.സതീഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എ.ജിൽസൺ എന്നി ജീവനക്കാരും ടി NMR കൾ കൃത്യമായി പരിശോധന കൂടാതെ ഡിവിഷൻ ഓഫീസിൽ സമർപ്പിച്ച കുറ്റത്തിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എൻ.വി.സതീശൻ, ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ എന്നീ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. NMR ഡിവിഷൻ തലത്തിൽ യഥാവിധം പരിശോധിച്ചിരുന്നു എങ്കിൽ ടി അപാകതകൾ കണ്ടെത്താമായിരുന്നുവെന്നും ടി സാഹചര്യത്തിൽ ടി NMR കൾ കൈകാര്യം ചെയ്ത ഡിവിഷനിലെ ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ്, മിനിസ്റ്റീരിയൽ ഹെഡ് എന്നിവരുടെ പക്കലിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

3. കൂടാതെ ഓരോ വാച്ചർമാരെയും ഏതൊക്കെ പ്ലാന്റേഷനുകളിലാണ്/സ്ഥലത്താണ് ജോലിക്കായി നിയോഗിച്ചിരിക്കുന്നതെന്ന രേഖകൾ റെയിഞ്ചിലോ, സ്റ്റേഷനിലോ ലഭ്യമല്ലെന്നും, കൂടാതെ വാച്ചർമാർക്ക് ശമ്പളം എഴുതി നൽകിയ NMR കളുടെ പകർപ്പുകൾ, ബന്ധപ്പെട്ട

എസ്റ്റിമേറ്റുകൾ ഡിവിഷൻ ഓഫീസിലേയ്ക്ക് അയച്ചതിന്റെ പകർപ്പുകൾ, ആയവ തിരികെ സാങ്ഷൻ ആയി ലഭിച്ചതിന്റെ പകർപ്പുകൾ, NMR രജിസ്റ്റർ, വാച്ചർമാരുടെ ലിസ്റ്റ്, വാച്ചർമാരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ കാർഡ് പകർപ്പുകൾ എന്നിവ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലും സ്റ്റേഷനിലും ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നില്ലെന്നും, ടി അപാകതകൾക്ക് സീനിയർ ക്ലാർക്ക് ശ്രീ.റോണി.സി.അലക്സാണ്ടർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എൻ.വി.സതീശൻ, ശ്രീ.ജിയാസ് ജമാല്യദ്ദീൻ ലബ്ബ എന്നിവരും അന്നത്തെ സ്റ്റേഷൻ ചാർജ്ജ് വഹിച്ചിരുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.വി.അഭിലാഷ്, ശ്രീ.ബി.വിനോദ് കുമാർ എന്നിവരും ഉത്തരവാദികളാണെന്നും കണ്ടെത്തിയിട്ടുണ്ട്.

4. ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ sandal protection area അടക്കമുള്ള miscellaneous തോട്ടങ്ങളിൽ ഫയർ ഗ്യാങിനെ നിയോഗിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം 1,98,000/- രൂപയ്ക്ക് 2406-01-101-94-RDF- എന്ന ബഡ്ജറ്റ് ഹെഡിൽ ARI Est/96/2018-19-ാം നമ്പരിൽ ഒരു എസ്റ്റിമേറ്റ് ബഹു.തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുമതി നൽകിയിട്ടുണ്ടെന്നും, ആയതിൽ ഹാരിസൺ മലയാളം പ്ലാന്റേഷനിലെ വെഞ്ചർ എസ്റ്റേറ്റിലെ സ്ഥിരം ടാപ്പിംഗ് തൊഴിലാളിയായ ശ്രീ.ഡി.അനിൽ കുമാർ, ഫ്ളോറൻസ് ഡിവിഷൻ, വെഞ്ചർ എസ്റ്റേറ്റ്, വെഞ്ചർ.പി.ഒ എന്നയാൾക്ക് ഉൾപ്പെടെ 5 NMR വാച്ചർമാർക്ക് 01/19, 02/19 & 03/19 എന്ന മാസങ്ങളിൽ ശമ്പളം എഴുതി നൽകിയിട്ടുണ്ടെന്നും, ടി മാസങ്ങളിലെ NMR പരിശോധിച്ചതിൽ ശ്രീ.ഡി.അനിൽ കുമാറിന് 01/19 മാസത്തിൽ 9,450/- രൂപയും 02/19 മാസത്തിൽ 13,860/- രൂപയും 03/19 മാസത്തിൽ 10,710/- രൂപയും കൂടി ആകെ 34,020/-രൂപ (മുപ്പത്തി നാലായിരത്തി ഇരുപത് രൂപ മാത്രം) എഴുതി നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്നും, ശ്രീ.ഡി.അനിൽകുമാർ ടാപ്പിംഗ് തൊഴിലാളിയായി ജോലി നോക്കുന്ന M/s.ഹാരിസൺ മലയാളത്തിലെ വെഞ്ചർ എസ്റ്റേറ്റിൽ നടത്തിയ അന്വേഷണത്തിൽ ടിയാൻ ടി സ്ഥാപനത്തിലെ സ്ഥിരം ടാപ്പറാണെന്ന് അവിടത്തെ സീനിയർ മാനേജർ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുള്ളതും, കൂടാതെ 01/2019, 02/2019 & 03/2019 മാസങ്ങളിലെ പേ റോളിൽ ടിയാന്റെ തൊഴിൽ ദിനങ്ങളിലെ ഹാജർ രേഖപ്പെടുത്തി ശമ്പളം കൈപ്പറ്റിയിരിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടെന്നും, ഇതിൽ നിന്നും ടിയാൻ ഒരേ സമയം രണ്ട് ശമ്പളം കൈപ്പറ്റി എന്നത് തെളിയിക്കപ്പെട്ടിരിക്കുന്നുവെന്നും ഹാരിസൺ മലയാളം പ്ലാന്റേഷനിലെ സ്ഥിരം ടാപ്പിംങ് തൊഴിലാളി ശ്രീ.ഡി.അനിൽ കുമാറിന് നിയമ വിരുദ്ധമായി NMR എഴുതി ശമ്പളം നൽകിയതിലൂടെ സാമ്പത്തിക ക്രമക്കേട് നടത്തി സർക്കാർ നഷ്ടം വരുത്തിവച്ച കുറ്റത്തിന് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ..എം.ലാല്യജാൻ, ശ്രീ.എസ്.ആർ.റോബർട്ട്, ശ്രീ.സുനിൽ ജോർജ്ജ്, ശ്രീ.എ.ആൻസൻ, ശ്രീ.എ.മുനീർ എന്നിവരും, സർട്ടിഫൈ ചെയ്ത ശ്രീ.എം.കെ.പ്രസാദ് കുമാർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസൺ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവരും ഡിവിഷൻ ഓഫീസിൽ അനുമതിയ്ക്കായി സമർപ്പിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ.വി.സതീശനും ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം സർക്കാർ അംഗീകൃത റബ്ബർ എസ്റ്റേറ്റിലെ ടാപ്പിംഗ് ജോലികൾ നോക്കുന്ന ഒരു സ്ഥിരം ജീവനക്കാരനായ ശ്രീ.ഡി.അനിൽകുമാർ, ടി സ്ഥാപനത്തിൽ ഹാജരുള്ള ദിവസങ്ങളിൽ വനം വകുപ്പിൽ താൽക്കാലിക വാച്ചറായി ജോലി നോക്കിയതായി കാണിച്ച് NMR-ൽ ഹാജർ രേഖപ്പെടുത്തി

ഇരട്ട ശമ്പളം കൈപ്പറ്റിയതായും, ടി കൃത്യം മൂലം സർക്കാരിലേയ്ക്ക് 34,020/- രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതായും, ശ്രീ.ഡി.അനിൽകുമാറിന് വേണ്ടി എഴുതി സമർപ്പിച്ച NMR പ്രകാരമുള്ള 01/19 മാസത്തിൽ 9,450/- രൂപയും 02/19 മാസത്തിൽ 13,860/- രൂപയും 03/19 മാസത്തിൽ 10,710/- രൂപയും കൂടി ആകെ 34,020/- രൂപ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കപ്പെട്ടതായും കണ്ടെത്തിയിട്ടുണ്ട്.

5. 2018-19 സാമ്പത്തിക വർഷത്തിൽ ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ സ്റ്റേഷൻ പരിധിയിൽപ്പെട്ട പൾപ്പ് വുഡ് പ്ലാന്റേഷന്റെ സംരക്ഷണത്തിനായി വാച്ചർമാരെ നിയോഗിക്കുവാൻ 7,31,000/- രൂപയ്ക്ക് 2406-01-101-89-PRF എന്ന ബഡ്ജറ്റ് ഹെഡിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം അനുമതി നല്കുകയുണ്ടായെന്നും ആയതിൽ 09/18 & 11/18 മാസങ്ങളിൽ ശ്രീ.കൃഷ്ണപിള്ള, ഓമന വിലാസം, മുരുകപാഞ്ചൽ ഉൾപ്പെടെ 5 പേർക്ക് വീതവും ശ്രീ.കൃഷ്ണപിള്ള, ഓമന വിലാസം, മുരുകപാഞ്ചൽ ഉൾപ്പെടെ 4 പേർക്ക് വീതവും പൾപ്പ് വുഡ് പ്ലാന്റേഷൻ സംരക്ഷണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചറായി നിയോഗിച്ച് NMR എഴുതി ശമ്പളം നൽകിയിരിക്കുന്നതായും ടി 09/18, 10/18, 11/18 & 12/18 മാസങ്ങളിൽ ടി തോട്ടത്തിലെ വാച്ചർമാർക്ക് NMR-ൽ അറ്റൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്നത് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.ആർ.റോബർട്ട്, ശ്രീ.സുനിൽ ജോർജ്ജ്, ശ്രീ.ലാലുജാൻ, ശ്രീ.അഖിൽ ദേവ്.എസ് എന്നീ ജീവനക്കാരാണെന്നും, ടി NMR-കൾ സർട്ടിഫൈ ചെയ്തിരിക്കുന്നത് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.കെ.പ്രസാദ് കുമാറാണെന്നും, ടി NMR കൾ ഡിവിഷൻ ഓഫീസിൽ അനുമതിക്കായി സമർപ്പിച്ചിരിക്കുന്നത് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ.വി.സതീശൻ ആണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി പ്ലാന്റേഷനിൽ വാച്ചറായി ജോലി നോക്കിയതിന് ശ്രീ.കൃഷ്ണപിള്ളയ്ക്ക് 01/19, 02/19 & 03/19 എന്നീ മാസങ്ങളിൽ ശമ്പളം എഴുതി നൽകിയിട്ടുള്ളതുമാണ് പ്രസ്തുത കാലയളവിൽ ശമ്പളം നൽകിയിരിക്കുന്നതുമായി ബന്ധപ്പെട്ട് അനധികൃത നടപടികൾ ഒന്നും തന്നെ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. എന്നാൽ 03/19-ന് ശേഷം ശ്രീ.കൃഷ്ണപിള്ള എന്ന കൃഷ്ണൻ ഒരു തോട്ടത്തിലും വാച്ചറായി ജോലി നോക്കിയിട്ടുള്ളതല്ല എന്ന് ടിയാൻ തന്നെ മൊഴി നൽകിയിട്ടുള്ളതാണെന്നും, ഇപ്രകാരം ജോലി നോക്കാതിരുന്നിട്ടും 09/19 മുതൽ 12/19 വരെയുള്ള 4 മാസം കൃഷ്ണൻ എന്ന പേരിൽ കൃഷ്ണപിള്ളയ്ക്ക് ശമ്പളം എഴുതി നൽകിയതായി ടി കാലയളവിലെ NMR പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയിട്ടുള്ളതാണ്. ടി 4 മാസത്തേയ്ക്കും കൂടി ആകെ 48,480/- രൂപ ടി കാലയളവിൽ ജോലി നോക്കാത്ത കൃഷ്ണൻ.റ്റി-യുടെ പേരിൽ എഴുതി നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്നും ഇപ്രകാരം സമർപ്പിച്ച NMR 09/19 പ്രകാരം 9,696/- രൂപയും, 10/19 പ്രകാരം 12,928/- രൂപയും, 11/19 പ്രകാരം 12,928/- രൂപയും, 12/19 ൽ 12,928/- രൂപയും ചേർത്ത് ആകെ 48,480/- രൂപ അനുവദിച്ച് ശ്രീ.കൃഷ്ണൻ.റ്റി/കൃഷ്ണപിള്ളയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടെന്നും ടി കുറ്റകൃത്യം മൂലം സർക്കാരിലേയ്ക്ക് 48,480/- രൂപയുടെ (9696+12928+12928+12928) സാമ്പത്തിക നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നുവെന്നും ഇപ്രകാരം വ്യാജരേഖ ചമയ്ക്കൽ, കൃത്യവിലോപം നടത്തി സാമ്പത്തിക ക്രമക്കേട് എന്നീ കുറ്റങ്ങൾക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീഅനൂപ്.എൻ.കെ, ശ്രീമതി.രമ്യ.എസ്, ശ്രീമതി.ശാന്തികൃഷ്ണ, ശ്രീമതി.അനു, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മാരായ ശ്രീ.എസ്.വി.അഭിലാഷ്, ശ്രീ.ബി.വിനോദ്കുമാർ, റെയിഞ്ച് ഫോറസ്റ്റ്

ഓഫീസർ ശ്രീ.അബ്ജു.കെ.അരുൺ, ആര്യങ്കാവ് റെയിഞ്ചിലെ സീനിയർ ക്ലാർക്ക് ശ്രീ.റോണി.സി.അലക്സാണ്ടർ എന്നീ ജീവനക്കാർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ശുപാർശ ചെയ്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

മേൽ സാഹചര്യത്തിൽ സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യമാണ് ജീവനക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. വ്യാജ രേഖ ചമച്ച് സർക്കാർ പണം അപഹരിക്കുകയോ അതിന് കൂട്ട് നിലക്കുകയോ ആണ് ജീവനക്കാർ ചെയ്തത്. ഗുരുതരമായ കൃത്യവിലോപവും അധികാരദുർവ്വിനിയോഗവുമാണ് പ്രസ്തുത ജീവനക്കാർ നടത്തിയിട്ടുള്ളത്. ഇവരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ചുവടെ പേരുചേർക്കുന്ന ജീവനക്കാരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 10(1) (a) പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷനിലായ ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

1. ശ്രീ.ജിയാസ് ജമാലുദ്ദീൻ ലബ്ബ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
2. ശ്രീ.അബ്ജു.കെ.അരുൺ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
3. ശ്രീ.എസ്.വി.അഭിലാഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
4. ശ്രീ. ബി.വിനോദ്കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
5. ശ്രീ.എ.ജിൽസൺ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
6. ശ്രീ.എം.കെ.പ്രസാദ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
7. ശ്രീ.എം.ലാലു ജാൻ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
8. ശ്രീ.എസ്.ആർ.റോബർട്ട്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
9. ശ്രീ.സുനിൽ ജോർജ്ജ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
10. ശ്രീ.എ.ആൻസൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
11. ശ്രീ.എ.മുനീർ ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
12. ശ്രീ.അനൂപ്.എൻ.കെ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
13. ശ്രീമതി.രമ്യ.എസ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ

14. ശ്രീമതി.ശാന്തികൃഷ്ണ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
15. ശ്രീ. സുജേഷ് കുമാർ,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
16. ശ്രീ.എസ്.അഖിൽ ദേവ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
17. ശ്രീമതി.അനു,ബീറ്റ് ഫോറസ്റ്റ് ഓഫീസർ
18. ശ്രീ.റോണി.സി.അലക്സാണ്ടർ,സീനിയർ ക്ലാർക്ക്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ബന്ധപ്പെട്ട ജീവനക്കാർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
വനം വന്യജീവി (എഫ്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
Date: 09-03-2023 16:58:35
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്